# കേരള സർക്കാർ

## സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - നാടാർ (ഹിന്ദു നാടാർ/എസ്.ഐ.യു.സി. നാടാർ) സമുദായത്തിന് മാത്രമായി സംവരണ തത്വം ഭേദഗതി വരുത്തുന്നത് - ക്യാബിനറ്റ് സബ് കമ്മിറ്റി തീരുമാനം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്**

**സ.ഉ.(എം.എസ്.) 4/07/പജപവവിവ.** **തീയതി , തിരുവനന്തപുരം, 18.01.2007.**

---

പരാമർശം : 1. 29.7.2006-ലെ കെ.എസ്.സി.ബി.സി. യുടെ 182/സി/06/കെഎസ്‌സിബിസി. നമ്പർ അർദ്ധ ഔദ്യോഗിക കത്തിനോടൊപ്പമുള്ള റിപ്പോർട്ട്.
2. 23.11.2006-ലെ ജി.ഒ.(എം.എസ്.) 66/06/പജപവവിവ.

## ഉത്തരവ്

സർക്കാർ-സർക്കാർ അനുബന്ധ സർവ്വീസിൽ 'നാടാർ'(ഹിന്ദു നാടാർ/എസ്.ഐ.യു.സി. നാടാർ) സമുദായത്തിന് നിലവിലുള്ള സംവരണ തത്വം ഭേദഗതി വരുത്തുന്ന വിഷയം ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിനായി പരാമർശം 1-ലെ ഉത്തരവ് പ്രകാരം ഒരു ക്യാബിനറ്റ് സബ് കമ്മിറ്റിയെ നിയമിച്ചിരുന്നു. പ്രസ്തുത ക്യാബിനറ്റ് സബ് കമ്മിറ്റി നാടാർ സമുദായത്തിൽപ്പെട്ട വിവിധ സംഘടനകളുമായി ചർച്ച നടത്തുകയും കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും ഉണ്ടായി. ഹിന്ദു നാടാർ വിഭാഗം ഒഴികെ മറ്റെല്ലാ സംഘടനകളും കമ്മീഷന്റെ റിപ്പോർട്ട് തള്ളിക്കളയണമെന്ന് ഒരേ സ്വരത്തിൽ അഭിപ്രായപ്പെടുകയുണ്ടായി.

കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് സമഗ്രമല്ല എന്നും ഈ റിപ്പോർട്ടിൽ ജനസംഖ്യക്കാനുപാതികമായി വിവിധ നാടാർ വിഭാഗങ്ങൾക്ക് സർക്കാർ സർവ്വീസിൽ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോ എന്ന് സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ പരിഗണിച്ചതായി കാണുന്നില്ല എന്നും സോഷ്യോ-ഇക്കണോമിക് സർവ്വെ നടത്തി നാടാർ സമുദായത്തിന്റെ ആകെ ജനസംഖ്യയെ സംബന്ധിച്ച ഒരു പഠനം നടത്തിയതായിട്ടോ ഇക്കാര്യത്തെപ്പറ്റി പഠിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായിട്ടോ കാണുന്നില്ല എന്നും ഇതു സംബന്ധിച്ച ഔദ്യോഗിക രേഖകളൊന്നും റിപ്പോർട്ടിൽ ഇല്ല എന്നും സബ് കമ്മിറ്റി കണ്ടെത്തുകയുണ്ടായി.

ആയതുകൊണ്ട് ഈ റിപ്പോർട്ട് അപൂർണമാണ് എന്ന നിഗമനത്തിൽ കമ്മിറ്റി എത്തിച്ചേർന്നു. ഈ സാഹചര്യത്തിൽ നാടാർ സംവരണക്കാര്യത്തിൽ ഇപ്പോൾ ഉയർന്നു വന്നിരിക്കുന്ന പ്രശ്നങ്ങൾ വിശദമായി പരിശോധിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിന് വീണ്ടും കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷനോട് ആവശ്യപ്പെടണമെന്ന് സബ് കമ്മിറ്റി തീരുമാനിച്ചു. 2.5.2005-ലെ ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവിൽ നാടാർ സംവരണപ്രശ്നം സംസ്ഥാന പിന്നോക്കവിഭാഗ കമ്മീഷന് വിടണമെന്നും കമ്മീഷൻ റിപ്പോർട്ട് ലഭിച്ചാൽ അത് പഠിച്ചശേഷം റിപ്പോർട്ട് അതേപടി അംഗീകരിക്കുകയോ, നിരാകരിക്കുകയോ, ഭേദഗതികളോടെ അംഗീകരിക്കുകയോ സർക്കാരിന് ചെയ്യാവുന്നതാണ് എന്നുമാണ് ഉത്തരവായിട്ടുള്ളത്.

ആയതിനാൽ നിലവിലുള്ള പരാമർശം 1-ലെ റിപ്പോർട്ട് ന്യൂനതകൾ ഉള്ളതാകയാൽ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിരാകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ വിഷയത്തെപ്പറ്റി ആഴത്തിൽ പഠിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുവാൻ നിലവിലുള്ള കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷനോട് ആവശ്യപ്പെടുന്നതിനും അപ്രകാരം ഒരു റിപ്പോർട്ട് ലഭിക്കുന്നതുവരെ നാടാർ സംവരണം സംബന്ധിച്ച് ഇപ്പോൾ നിലവിലുള്ള സംവരണ തത്വങ്ങൾ അതേപടി തുടരുന്നതിനും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

ജെ.സുധാകരൻ

സെക്രട്ടറി.

ചെയർമാൻ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, പട്ടം, തിരുവനന്തപുരം. (ആമുഖ കത്തു സഹിതം).

രജിസ്ട്രാർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, പട്ടം, തിരുവനന്തപുരം.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.

പൊതുഭരണ (എസ്.സി.) വകുപ്പ്.

ശ്രീ.എൻ.കെ.ദാസി, ജനറൽ സെക്രട്ടറി, ഹിന്ദു നാടാർ കോർപ്പറേഷൻ, നല്ലിക്കുന്ന്, മുള്ളൂർ പി.ഒ., തിരുവനന്തപുരം.

റവ.ഡബ്ല്യൂ.ജെ.ഗ്ലാഡ്സ്റ്റൺ, പ്രസിഡൻറ്, എസ്.ഐ.യു.സി., ബിഷപ് ഹൗസ്, എൽ.എം.എസ്.കോംപൗണ്ട്, തിരുവനന്തപുരം.

ശ്രീ.ജസ്റ്റസ് നാടാർ, പ്രസിഡൻറ്, ബി.സി.ആർ.പി.സി., ബേബിസദനം, റെയിൽവെ ഓവർബ്രിഡ്ജ്, നെയ്യാറ്റിൻകര, തിരുവനന്തപുരം.

ശ്രീ.ബി.ചെല്ലൻ, പ്രസിഡന്റ്, നാടാർ കോ-ഓർഡിനേഷൻ കൗൺസിൽ, റോട്ടറി ജംഗ്ഷൻ, എസ്.ബി.ടി, ഹെഡ്ക്വാർട്ടേഴ്സിന് എതിർവശം, ചെങ്കല്ലൂർ, പൂജപ്പുര പി.ഒ., തിരുവനന്തപുരം.

ശ്രീ.തിരുപുറം ജെ.യേശുദാസ്, പ്രസിഡന്റ്, കേരള നാടാർ മഹാജന സംഘം, വഴുതക്കാട്, തിരുവനന്തപുരം - 14.

പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

എല്ലാ വകുപ്പുകൾക്കും/എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
പട്ടികസമുദായ ക്ഷേമ-ഊർജ്ജ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
നിയമ-പാർലമെൻററി കാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ക്ഷീര-മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.